(ജെ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി കോളേജുകളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(കെ) ഈ തസ്തികകളിലേക്കുള്ള നിയമനം ഏതു രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം/കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ ഓരോ സീറ്റു വീതം റിസർവ് ചെയ്തിട്ടുണ്ട്.

(ബി) പഠന കാലയളവ് എലിജിബിൾ ലീവ് ആയി പരിഗണിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ഉയർന്ന തസ്തികകളിലേക്ക് സീനിയോറിറ്റി പ്രമോഷനാണ് നിലവിലുള്ളത്.

(ഡി) ഇല്ല.

(ഇ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇത്തരം നിയമനങ്ങൾ നൽകുന്നതിന് നിർവാഹമില്ല.

(എഫ്) ഇല്ല.

(ജി) ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

(എച്ച് ആന്റ് ഐ) ഈ അപേക്ഷയിലെ ആവശ്യം പരിശോധിച്ചുവരുന്നു.

(ജെ) ഒഴിവുകൾ ഒന്നും തന്നെയില്ല.

(കെ) പി.എസ്.സി വഴിയാണ് നിയമനം നടത്തുന്നത്.

ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലെ നിയമനം

180 [1656] ശ്രീ. രാജു എബ്രാഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിൻ കീഴിൽ ആകെ എത്ര ആശുപത്രികളും ഡിസ്പെൻസറികളും അവയിൽ എത്ര ഫാർമസിസ്റ്റുകളുടെ തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ റാങ്ക്ലിസ്റ്റ് എന്നാണ് നിലവിൽവന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ബാക്കിയുള്ളവർക്ക് നിയമനം നൽകുവാൻ കഴിയാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി. നോട്ടിഫിക്കേഷൻ നടത്തിയതിനുശേഷം ഉണ്ടാകുന്ന മാറ്റങ്ങൾ, ആ നോട്ടിഫിക്കേഷനെ ബാധിക്കാറില്ലെന്നും അത് ഭാവിയിൽ ഉണ്ടാകുന്ന നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള റാങ്ക്‌ലിസ്റ്റിനെ മാത്രമേ ബാധിക്കുകയുള്ളൂ എന്നും ജി.ഒ. (എം.എസ്) 233/85/ജി.എ.ഡി. തീയതി 27-6-1985 എന്ന സർക്കാർ ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടും 27-10-1998-ൽ പി.എസ്.സി. നോട്ടിഫൈ ചെയ്ത ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞ് 16-4-2002-ൽ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനുശേഷം 12-4-1999-ൽ സർക്കാർ ഇറക്കിയ സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന ക്യാളിഫിക്കേഷനല്ല എന്നു പറഞ്ഞ് പി.എസ്.സി.-യുടെ ഹോമിയോ ഫാർമസിസ്റ്റ് ലിസ്റ്റിലെ രണ്ടുപേരെ മാത്രം നിയമിക്കുകയും ബാക്കിയുള്ളവർക്ക് നിയമനം നിഷേധിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സ്പെഷ്യൽ റൂൾസിൽ അനുശാസിക്കുന്ന എൻ.സി.പി. കോഴ്സ് സർക്കാർ 1993-ൽ തന്നെ നിർത്തലാക്കിയിരുന്നതിനാൽ എൻ.സി.പി. കോഴ്സ് പാസ്സായവരുടെ അഭാവത്തിൽ പി ആന്റ് എ.ആർ.ഡി. നമ്പർ 10935/എ/2000 തീയതി 21-7-2000-ലെ കത്തുപ്രകാരം പി.എസ്.സി.-യുമായി ആലോചിച്ച് ഹോമിയോ ഫാർമസിസ്റ്റിന്റെ ക്വാളിഫിക്കേഷൻ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് എന്തങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ജി) നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റ് റാങ്ക്‌ലിസ്റ്റിലെ ബാക്കിയുള്ളവർക്ക് നിയമനം നൽകുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31 ആശുപത്രികൾ, 525 ഡിസ്പൻസറികൾ എന്നിവയും അതിൽ 466 ഫാർമസിസ്റ്റ് തസ്തികകളും ഉണ്ട്.

(ബി) 16-4-2002-ൽ.

(സി) രണ്ട് പേർക്ക്.

(ഡി ആന്റ് ഇ) കേരളാ പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഹോമിയോ ഫാർമസിസ്റ്റിന്റെ ക്വാളിഫിക്കേഷൻ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ജി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly